"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം കോർപറേഷൻ - 'നന്മ' പദ്ധതിയുമായി ബന്ധപ്പെട്ട് സ്കോളർഷിപ്പ് വിതരണത്തിലെ ക്രമക്കേട് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - സെക്ഷൻ ക്ലർക്ക് ശ്രീ. രഞ്ജു.വി-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1635/2026/LSGD തീയതി,തിരുവനന്തപുരം, 31-08-2026

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 02/05/2025, 17/06/2025 എന്നീ തീയതിയിലെ E19 (SC58/2023/SIU I)39988/2023/DVACB നമ്പർ കത്തും അനുബന്ധ രേഖകളും.
2. സെക്ഷൻ ക്ലർക്ക് ശ്രീ. രഞ്ജു.വി-യ്ക്ക് നൽകിയ 16.08.2025 തീയതിയിലെ ഇയു4/159/2025-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. ശ്രീ. രഞ്ജു.വി സമർപ്പിച്ച പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.06.2026 തീയതിയിലെ LSGD/PD/26226/2025-VIGA2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം കോർപ്പറേഷനിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി തദ്ദേശസ്ഥാപനം മുഖേന “നന്മ” എന്ന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം 1926 കുട്ടികൾക്ക്, കുട്ടികളുടെ പഠന ആവശ്യങ്ങൾക്കും മറ്റുമായി ഒരു കുട്ടിക്ക് 28,500/- രൂപ നിരക്കിൽ സ്കോളർഷിപ്പ് ആയി (പ്രതിമാസം 2375/- രൂപ) ലഭിക്കുന്ന പദ്ധതിയിൽ ടി പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥയായ ശിശു വികസന പദ്ധതി ഓഫീസർ അർബ്ബൻ II ശ്രീമതി. റോഷ്നി (പെൻ - 212290) “നന്മ” പ്രോജക്ട് നമ്പർ SO 866/2021-22 എന്ന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും അർഹതയില്ലാത്തവർക്കും വികസന ഫണ്ട് (2021-22) ൽ നിന്നും 5.48 കോടി രൂപയുടെ ഫണ്ട് ചെലവഴിച്ച് വ്യാപക ക്രമക്കേടും അഴിമതിയും ധനദുർവിനിയോഗവും മറ്റും നടത്തിയതായുള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 27.10.2023 തീയതിയിൽ തിരുവനന്തപുരം കോർപറേഷൻ ഓഫീസിൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2.കൃത്യമായ പരിശോധന നടത്താതെ തുക അനുവദിച്ച് ഡ്യൂട്ടിയിൽ വീഴ്ച വരുത്തി 25 ഗുണഭോക്താക്കൾക്ക് ഒരേ സാമ്പത്തിക വർഷം(2021-22) തുക ഇരട്ടിച്ച് നന്മ സ്കോളർഷിപ്പ് ലഭിക്കുന്നതിന് ഇടയാക്കിയ തിരുവനന്തപുരം കോർപ്പറേഷനിലെ ജെ6 സെക്ഷനിലെ ക്ലർക്കായിരുന്ന ശ്രീ. രഞ്ജു.വി-ക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു. ടി

ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. രഞ്ജു.വി-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അയച്ച് കൊടുക്കുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോ ടിയാൻ കൈപ്പറ്റുകയും കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രതിവാദ പത്രികയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോ/പത്രികയിലെ ആരോപണങ്ങൾക്ക് ടിയാൻ വ്യക്തമായ മറുപടി സമർപ്പിച്ചതായി കാണുന്നില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3.വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ടിലെ കണ്ടെത്തലും ശ്രീ. രഞ്ജു.വി സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ പരിശോധിച്ചു. കുറ്റാരോപണ മെമ്മോ/പത്രികയിൽ പരാമർശിച്ചിട്ടുള്ള ആരോപണങ്ങൾക്ക് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ വ്യക്തമായ മറുപടി സമർപ്പിച്ചതായി കാണുന്നില്ല. ആയതിനാൽ സെക്ഷൻ ക്ലർക്ക് ശ്രീ. രഞ്ജു.വി -ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4. അന്വേഷണ ഉദ്യോഗസ്ഥൻ ടി വിഷയത്തിൽ അന്വേഷണം നടത്തി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജോയിന്റ് ഡയറക്ടർ ,തിരുവനന്തപുരം, തദ്ദേശ സ്വയംഭരണ വകുപ്പ്.
ശ്രീ. രഞ്ജു.വി, സെക്ഷൻ ക്ലർക്ക്, തിരുവനന്തപുരം കോർപറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/159/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 01-09-2026
12:08:18
സെക്ഷൻ ഓഫീസർ